പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2197 | 07.03.2017 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ)അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി പ്രകാരമുള്ള അംശദായം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏത് തീയതി മുതൽ ഇതിന് പ്രാബല്യം ഉണ്ട്; | (എ) ഉണ്ട് 12.11.2015 മുതൽ പ്രാബല്യം ഉണ്ട്. |
| (ബി)ഇപ്പോൾ എത്ര രൂപയാണ് അംഗൻവാടി ഹെൽപ്പർമാർക്കും വർക്കർമാർക്കും അംശദായമായി പിരിച്ചെടുക്കുന്നതെന്ന് അറിയിക്കുമോ; | (ബി) നിലവിൽ വർക്കർമാരിൽ നിന്ന് പ്രതിമാസം 200/-രൂപയും ഹെൽപ്പർമാരിൽ നിന്നും 100/- രൂപയും അംശദായമായി പരിച്ചെടുക്കുന്നുണ്ട്. |
| (സി)ക്ഷേമനിധി പ്രകാരം ഇവർക്ക് എന്തെല്ലാം ആനുകൂല്യം നൽകി വരുന്നുണ്ടെന്ന് അറിയിക്കാമോ; | (സി) നിലവിൽ ക്ഷേമനിധിയിൽ നിന്നും ചികിത്സാധനസഹായം, മരണാനന്തരാനുകൂല്യം, ഗ്രാറ്റുറ്റി, പെൻഷൻ, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും കൂടാതെ ഓരോ അംഗവും വിരമിക്കുകയോ രാജിവെയ്ക്കുകയോ മരണപ്പെടുകയോ ചെയ്യുമ്പോൾ ടി ആൾ ക്ഷേമനിധിയിലേയ്ക്ക് അടച്ച തുകയും ആയതിന്റെ 11% പലിശയും, വിഹിതത്തിന് തുല്യമായ സർക്കാർ വിഹിതവും ഉൾപ്പെടുന്ന തുക മടക്കി നൽകുന്നുണ്ട്. |
| (ഡി)മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ